**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5303** **21-07-2022 - ൽ മറുപടിയ്ക്ക്**

**അസാപ് പരിശീലന കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ പ്രമോദ് നാരായൺ** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | (എ) | കേരളത്തിലെ യുവജനങ്ങൾക്ക് നഗര ഗ്രാമ വ്യത്യാസമില്ലാതെ പുതു തലമുറ നൈപുണ്യ കോഴ്സുകളിൽ പരിശീലനം നൽകി അവരുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുകയും അതുവഴി രാജ്യത്തിനകത്തും പുറത്തുമുള്ള തൊഴിലവസരങ്ങൾ കരഗതമാക്കാൻ യുവതലമുറയെ പ്രാപ്തരാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഒരു സമഗ്ര നൈപുണ്യ പരിശീലന സംരംഭമാണ് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്ര കേരള (അസാപ് കേരള).<br><br>ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ സംരംഭമായ അസാപ് കേരള വിദ്യാർത്ഥികളെയും പൊതുജനങ്ങളെയും അവരുടെ തൊഴിൽക്ഷമ മെച്ചപ്പെടുത്തുന്നതിനുള്ള കഴിവുകൾ പരിശീലിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.<br><br>കേന്ദ്രസർക്കാരിന്റെ ദേശീയ നൈപുണ്യ ഏജൻസികളുമായി സഹകരിച്ച് NSQF കോഴ്സുകൾ വികസിപ്പിക്കുന്നതിനും വ്യവസായങ്ങളുമായി ചർച്ചകൾ സംഘടിപ്പിച്ച് വ്യാവസായിക ആവശ്യങ്ങൾക്കനുസൃതമായ തൊഴിലവസരങ്ങൾ മനസിലാക്കി അത്തരം കോഴ്സുകൾ വികസിപ്പിക്കുന്നതിനും അസാപ് കേരള ലക്ഷ്യമിടുന്നു. കേരള നോളജ് ഇക്കോണമി മിഷന്റെ പരിശീലന പങ്കാളി എന്ന നിലയിൽ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് അധിക നൈപുണ്യ കോഴ്സുകൾ വികസിപ്പിക്കുന്നതിനും പരിശീലനം നൽകാനും അസാപ് കേരള ലക്ഷ്യമിടുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതി പ്രത്യേക പരിശീലന കേന്ദ്രങ്ങൾ മുഖേനയാണോ അഥവാ നിലവിലുള്ള എഞ്ചിനീയറിംഗ്, പോളിടെക്നിക് കോളേജുകൾ എന്നിവയോട് ചേർന്നാണോ നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ; പ്രസ്തുത പദ്ധതിക്കായുള്ള പരിശീലന കേന്ദ്രങ്ങൾ എവിടെയെല്ലാമാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലും, ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും പ്രവർത്തിക്കുന്ന 121 സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ, 99 എഞ്ചിനീയറിംഗ് കോളേജുകളിലും, 45 പോളിടെക്നിക് കോളേജുകളിലുമായി പ്രവർത്തിക്കുന്ന അഡ്വാൻസ്ഡ് സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ, വിവിധ ജില്ലകളിൽ സ്ഥാപിച്ചിട്ടുള 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ എന്നിവിടങ്ങളിലൂടെയാണ് കേരളത്തിലെ നൈപുണ്യ വികസന പ്രവർത്തനങ്ങൾ അസാപ് ഏകോപിപ്പിക്കുന്നത്.<br><br>കൂടാതെ, വിവിധ എഞ്ചിനീയറിംഗ്, പോളിടെക്നിക് കോളേജുകളോടൊപ്പം ചേർന്നും പരിശീലന പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (സി) | വ്യവസായ മേഖലയുടെ ആവശ്യങ്ങൾക്ക് അനുസൃതമായി, തൊഴിൽ മേഖലയ്ക്കായി പഠിതാക്കളെ സജ്ജരാക്കുന്ന എന്തെല്ലാം കർമ്മ പദ്ധതികൾ അസാപിലൂടെ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്തെ ഒരു വിജ്ഞാനസമൂഹമായി മാറ്റുന്നതിന്റെ ഭാഗമായി അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം കേരള മുഖാന്തരം അനവധി നൂതന കോഴ്സുകൾ ലഭ്യമാക്കുന്നു. പ്രമുഖ വ്യവസായ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിംഗ്, സൈബർ സെക്യൂരിറ്റി, ഡ്രോൺ ടെക്നോളജി, ഗ്രാഫിക്സ് ഡിസൈനർ, ഡിപ്ലോമ ഇൻ ബാങ്കിങ് & ഫിനാൻസ്, വിദേശ ഭാഷകൾ തുടങ്ങിയ 133 ഓളം കോഴ്സുകൾ ഇത്തരത്തിൽ ലഭ്യമാണ്. ഈ കോഴ്സുകൾ പഠിതാക്കളിൽ ഹയർ ഓർഡർ ഇൻഡസ്ട്രി റിലവന്റ് സ്കിൽസ് (Higher Order Industry Relevant Skills) നൽകി അവരുടെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുവാൻ സഹായിക്കുന്നു.<br>ഇൻഡസ്ട്രിയുമായി ചേർന്ന് അസാപിന്റെ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ വഴിയും മറ്റു സെന്ററുകൾ വഴിയും പരിശീലനം നൽകി അവരെ ഗിഗ് ഇക്കോണമി വഴി ജോലി നൽകുവാൻ ഉള്ള കോഴ്സുകൾ (work near home) നൽകുന്നുണ്ട്. അതോടൊപ്പം, ആരോഗ്യ മേഖലയിലും ടെക്നിക്കൽ രംഗത്തും വർധിച്ച വരുന്ന വിദേശ തൊഴിൽ അവസരങ്ങളെ കണക്കിലെടുത്തുകൊണ്ട് വിദേശ ഭാഷ പരിശീലനവും അസാപ് നൽകിവരുന്നു.<br><br>അസാപിന്റെ 'ഷീ സ്കിൽസ്' പ്രോഗ്രാമിലൂടെ നിരവധി സ്ത്രീകൾക്ക് തൊഴിൽ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഗ്രാമീണയുവതയ്ക്കായി നടപ്പിലാക്കിയിട്ടുള്ള ഗ്രാഫിക് ഡിസൈനർ കോഴ്സ് വിദ്യാർത്ഥികളെ ഉയർന്ന വിഷ്വൽ ഇംപാക്ട് ഉള്ള പരസ്യങ്ങൾ, ബ്രോഷറുകൾ, മാഗസിനുകൾ, കോർപ്പറേറ്റ് റിപ്പോർട്ടുകൾ തുടങ്ങിയ ലേഔട്ടുകളും ആപ്ലിക്കേഷനുകളും വികസിപ്പിക്കാൻ പ്രാപ്തരാക്കുന്നു. 8 പോളിടെക്നിക് കോളേജുകളിലായി 29 'ഇൻഡസ്ട്രി ഓൺ ക്യാംപസ്' യൂണിറ്റുകൾ പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്.<br><br>തൊഴിൽ മേഖലകളിൽ അംഗീകൃത നൈപുണ്യപരിശീലനം നൽകുന്നതിനായി അസാപ്പും പോളിടെക്നിക് കോളേജുകളും, വ്യവസായസ്ഥാപനങ്ങളുമായി സഹകരിച്ച് കമ്മ്യൂണിറ്റി കോളേജുകൾ ആരംഭിക്കാനും തീരുമാനമെടുത്തിട്ടുണ്ട്. പ്രമുഖ ഐ.ടി. സ്ഥാപനങ്ങളുമായി സഹകരിച്ച് "വായനാശാല" എന്ന ആശയം നടപ്പിലാക്കുകയും, വ്യവസായ മേഖലകളിൽ നിന്നുള്ള പ്രഗത്ഭരുമായി സംവദിക്കുന്നതിനും അവസരമൊരുക്കുന്നതിനായി അസാപ് സെല്ലുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അസാപ് ആരംഭിച്ച പ്ലേസ്മെൻ്റ് പോർട്ടൽ തൊഴിൽ ദാതാക്കൾക്ക് ഒരു വെർച്വൽ റിക്രൂട്ട്മെന്റിനുള്ള ഉപാധിയായി മാറാനും, ഉദ്യോഗാർത്ഥികൾക്ക് ഫോർച്യൂൺ 500 കാറ്റഗറിയിൽ പെടുന്ന മൾട്ടി നാഷണൽ കമ്പനികളിൽ ജോലിയിൽ പ്രവേശിക്കാനും അവസരമൊരുക്കുന്നതിന് സാധിച്ചു. സംസ്ഥാനത്തെ നഴ്സുമാരുടെ തൊഴിൽ ക്ഷമത വർധിപ്പിക്കുന്നതിനായി ഭാഷാ പരിശീലനം, ക്ലിനിക്കൽ പരിശീലനം, യു.കെ-യിൽ പ്ലേസ്മെൻ്റ് എന്നിങ്ങനെ മൂന്നു ഭാഗങ്ങൾ ഉൾപ്പെടുന്ന പരിശീലനവും അസാപ് വഴി നൽകി വരുന്നു.<br>കൂടാതെ, ഫിഷറീസ് വകുപ്പുമായി ചേർന്ന് മത്സ്യ തൊഴിലാളി കുടുംബങ്ങളിലെ ബിരുദ ധാരികൾ ആയ 30 യുവതികൾക്ക് ഡിജിറ്റൽ മീഡിയ ആൻഡ് മാർക്കറ്റിംഗ് കോഴ്സിൽ അസാപ് നൈപുണ്യ പരിശീലനവും നൽകി വരുന്നു. |
| (ഡി) | വിദേശ ഭാഷകൾ പഠിപ്പിക്കുന്നതിനുള്ള ബഹുഭാഷാ പരിശീലന കേന്ദ്രങ്ങൾ പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ടോയെന്നും ആയത് പ്രാവർത്തികമാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ? | (ഡി) | ഉണ്ട്; കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളിൽ ജാപ്പനീസ്, ജർമ്മൻ, ഫ്രഞ്ച് തുടങ്ങിയ വിദേശ ഭാഷകളിലെ പരിശീലനം നൽകിയിട്ടുണ്ട്. 21 ബാച്ചുകളിലായി 509 വിദ്യാർത്ഥികൾ പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ